# CURRENT AFFAIRS 27 AUG 2024

**2024 ഓഗസ്റ്റിൽ കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനം രാജി വെച്ച വ്യക്തി**

**രഞ്ജിത്**



രഞ്ജിത്

---

**അമേരിക്കയിലെ 'ഗ്ലോബൽ ഫിനാൻസ്' മാഗസിൻ 2024ലെ മികച്ച സെൻട്രൽ ബാങ്കറായി തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരൻ**

**ശക്തികാന്ത ദാസ്**

- തുടർച്ചയായ രണ്ടാം വർഷമാണ് ശക്തികാന്ത ദാസ് ഈ നേട്ടം കൈവരിക്കുന്നത്.
- 'എ+ ' റേറ്റിംഗ് ലഭിച്ച മൂന്ന് സെൻട്രൽ ബാങ്ക് ഗവർണർമാരുടെ പട്ടികയിലാണ് ശക്തികാന്ത ദാസ് ഉള്ളത്.



ശക്തികാന്ത ദാസ്

---

**കേരള രേഖകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്ന ഗ്രന്ഥപ്പുര എന്ന സന്നദ്ധ സംഘടനയുടെ സംസ്ഥാനത്തെ ആദ്യ കേന്ദ്രം നിലവിൽ വന്നത്**

**തിരുവനന്തപുരം**

ഗ്രന്ഥപ്പുര
Kerala Digital Archive

---

**മികച്ച നാടകഗ്രന്ഥത്തിനുള്ള കേരള സംഗീത നാടക അക്കാദമിയുടെ പുരസ്കാരത്തിന് അർഹനായത്**

**ബൈജു ചന്ദ്രൻ**

- 'ജീവിതനാടകം; അരുണാഭം ഒരു നാടകക്കാലം' എന്ന കൃതിക്കാണ് പുരസ്കാരം.അഭിനേത്രിയെന്ന നിലയിലും ഗായികയെന്ന നിലയിലും അതുല്യ സംഭാവന നൽകിയ കെ.പി.എ.സി. സുലോചനയുടെ ജീവചരിത്രഗ്രന്ഥമാണിത്.



ബൈജു ചന്ദ്രൻ

---

**കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം കൊണ്ടുവരിക, അന്താരാഷ്ട്ര വിപണിയിലെ വിപണനസാധ്യത കൂട്ടുക, പൊതുവായ ഒരു ബ്രാൻഡ് സൃഷ്ടിച്ചെടുക്കുക എന്നിവ ലക്ഷ്യമിട്ട് വ്യവസായ വാണിജ്യ വകുപ്പ് വിഭാവനം ചെയ്ത പദ്ധതി**

**കേരള ബ്രാൻഡ്**

- ചെറുകിട വ്യവസായ സംരംഭകർക്ക് കുറഞ്ഞ ചെലവിൽ മികച്ച വിപണിമൂല്യം ഉറപ്പാക്കാൻ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതാണ് പദ്ധതി. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപ്പന്നങ്ങൾ ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ 'product of kerala' എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യാനാകും.

